പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2250 — 10.10.2011- ലെ മറുപടി

## ഒറ്റപ്പാലം - തൃശ്ശൂർ റൂട്ടിൽ ബസ് സർവ്വീസ്.

ചോദ്യം — ഉത്തരം

ശ്രീ. എം. ഹംസ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം - തൃശ്ശൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി യുടെ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ട് ; | (എ) | ഒറ്റപ്പാലം - തൃശ്ശൂർ റൂട്ടിൽ മായന്നൂർ പാലം വഴി 5 ചെയിൻ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി.യുടെ ചെയിൻ സർവ്വീസ് തുടങ്ങുന്നകാര്യം പരിഗണിക്കുന്നുണ്ടോ ; | (ബി) | ഈ 5 ചെയിൻ സർവ്വീസുകൾ കൂടാതെ ഒറ്റപ്പാലം - തൃശ്ശൂർ റൂട്ടിൽ ഷൊർണ്ണൂർ വഴി ചെയിൻ സർവ്വീസ് നടത്തുന്നതിലേക്ക് 16 ഷെഡ്യൂളുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവാണ് അനുവാദം നൽകിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് തടസ്സമായിരിക്കുന്നത്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ഒറ്റപ്പാലം - തൃശ്ശൂർ റൂട്ടിൽ ഷൊർണ്ണൂർ വഴി അനുവാദം നൽകിയ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ചെയിൻ സർവ്വീസ് തുടങ്ങുന്നതിനായി എത്ര ബസുകളാണ് അനുവദിച്ചത് ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (സി) | നിലവിൽ ബസ്സുകൾ അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഒറ്റപ്പാലം - ശ്രീകൃഷ്ണപുരം - മണ്ണാർക്കാട് ഭാഗത്തേക്ക് നിലവിൽ കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ടോ; എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | മായന്നൂർ പാലം വഴിയുള്ള ചെയിൻ സർവ്വീസിന്റെ ഭാഗമായി മണ്ണാർക്കാട് നിന്നും ശ്രീകൃഷ്ണപുരം വഴി 3 സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ